(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് അതിൽ ഉന്നയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവ അംഗീകരിച്ചു നടപ്പിൽ വരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാളയാർ ആയക്കെട്ടിൽ കനാലിന്റെ അവസാനഭാഗങ്ങളിലെ പ്രദേശങ്ങളിൽ വെള്ളമെത്തിക്കണമെന്നതാണ് ആവശ്യം.

(സി) വാളയാർ ആയക്കെട്ടു പ്രദേശത്ത് മഴ കുറവായതിനാൽ വാളയാർ ജലസംഭരണിയിൽ, പദ്ധതി പ്രദേശത്തിനു മുഴുവൻ ആവശ്യമുള്ള ജലം സംഭരിക്കാൻ കഴിയുന്നില്ല. ഈ കുറവ് പരിഹരിക്കുന്നതിന് ചിറ്റൂർപുഴ പദ്ധതിയുടെ കുന്നംകാട്ടുപതി കനാൽ വഴി വാളയാർ കനാലിലെ 13.3ം കിലോമീറ്ററിന് താഴെയുള്ള പ്രദേശങ്ങളിൽ വേണ്ട ജലം എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ വാളയാർ ഡാമിൽനിന്നുമുള്ള വെള്ളം കൂടിയാകുമ്പോഴും എല്ലാ ഭാഗത്തും വെള്ളം ലഭിക്കുന്നതുമാണ്. എന്നാൽ കനാലുകളുടെ ആദ്യഭാഗങ്ങളിലുള്ള കൃഷിക്കാർ അനധികൃതമായി സ്ലൂയിസുകളും തുറക്കുകയും മറ്റും കാരണം അവസാനഭാഗങ്ങളിൽ ജലം എത്തിക്കാൻ പ്രയാസം നേരിടുന്നുണ്ട്. പോലീസ് സംരക്ഷണത്തിൽ ഈ വർഷം കനാലിന്റെ അവസാനഭാഗങ്ങളിൽ ജലം എത്തിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പോലീസ് സംരക്ഷണം എപ്പോഴും ലഭിക്കുന്നതിന് വൈഷമ്യമുള്ളതിനാൽ വാളയാർ ഡാം വാട്ടർ യൂസേഴ്സ് പരിപൂർണ്ണമായി സഹകരിച്ച് കനാൽ സ്ലൂയിസുകളും ഡിപ്പാർട്ടുമെന്റ് നിർദ്ദേശം കൂടാതെ തുറന്ന് തകരാറുണ്ടാകാതിരുന്നാൽ മാത്രമേ ജലവിതരണം സുഗമമാകുകയുള്ളൂ.

ഏലത്തൂരിലെ നാളികേര കോംപ്ലക്സ്

947 [1503] ശ്രീ. പി.കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏലത്തൂരിൽ സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനമെടുത്തു കഴിഞ്ഞ ''നാളികേര കോംപ്ലക്സിന്റെ'' പ്രവർത്തനം ഏതു ഘട്ടത്തിലാണിപ്പോഴുള്ളത്;

(ബി) ഇത് സംബന്ധിച്ച സ്ഥലമെടുപ്പ്, യന്ത്ര സാമഗ്രികൾക്ക് ഓർഡർ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ എത്രത്തോളമായി;

(സി) ഇതിനായി ഇതുവരെ എത്ര സംഖ്യ ചെലവായി;

(ഡി) സ്ഥലമെടുപ്പും മറ്റു കാര്യങ്ങളും പൂർത്തിയാക്കി ഇതെപ്പോൾ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും?

ഉത്തരം

(എ) കോംപ്ലക്സിന് വേണ്ട സ്ഥലം പൊന്നും വിലക്കെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) നിർദ്ദിഷ്ട സ്ഥലമെടുപ്പിനെതിരായി ചില ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരികയാണ്. യന്ത്രസാമഗ്രികൾക്കുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുകയും അത് വിദഗ്ദ്ധ കമ്മറ്റിയുടെ പരിശോധനക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 76 രൂപാ 5 പൈസ.

(ഡി) കൃത്യമായി പറയുവാൻ പ്രയാസമാണ്.

കൃഷി വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

948 [1505] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ വിവിധ തസ്തികകളിലായി മൊത്തം എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും ഏതെല്ലാം തസ്തികകളിലായി എത്ര വീതം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും നിയമനം നടത്താതെ കിടക്കുന്ന തസ്തികകൾ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അഗ്രിക്കൾച്ചർ ഡെമോൺസ്ട്രേറ്റർ, ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്താത്തത് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതുകൊണ്ടാണ്. ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്.

(ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II. അടിയന്തിരപ്രമേയം

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ഹെഡ്ഡാഫീസിലും ഡിപ്പോകളിലും ലോക്കൗട്ട് പ്രഖ്യാപിച്ചതിനെ സംബന്ധിച്ച്

9.30 a.m.] മി. സ്പീക്കർ: കഴിഞ്ഞ ദിവസം നിറുത്തിവച്ച അടിയന്തിരപ്രമേയത്തിനുള്ള മറുപടി മന്ത്രിക്കു പറയാം.

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, അങ്കമാലി, കാലടി പ്രദേശങ്ങളിൽ അൻപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ബാംബൂ കോർപ്പറേഷനിലെ ജോലി മുടങ്ങിയിരിക്കുകയാണെന്നും അവിടത്തെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണെന്നും അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരുന്നു. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly